ടെലിവിഷൻ അവതരിക്കുന്നു

കോന്നിയൂർ ആർ നരേന്ദ്രനാഥ്

റേഡിയോയുടെ ഇളയസഹോദരിയാണ് ടെലിവിഷൻ. ചേച്ചിയെക്കാൾ അഴകേറിയ അനുജത്തി.

മറ്റൊരു രീതിയിൽ പറഞ്ഞാൽ, റേഡിയോയുടെ സമ്പൂർത്തികരണം ടെലിവിഷനിൽ സാധിച്ചു. ശബ്ദവും ചിത്രവും തമ്മിലുള്ള സമന്വയത്തിലൂടെ.

കമ്പിയിലൂടെ ചിത്രം പ്രേഷണം ചെയ്യാനുള്ള സാധ്യതയെ സംബന്ധിച്ചു 1800 മാണ്ടു മുതൽ പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ പ്രായോഗിക സ്ഥിതിയിലേക്ക് എത്താനിടയായത് 1883 ൽ മാത്രമാണ്. അതുസാധിച്ചത്, പാൾ നിപ്കോവ് എന്ന ജർമൻകാരനായിരുന്നു. അടുത്തപടി, ഒരു ഫ്രഞ്ചുകാരൻ സെൻലെക് ആണ് പടുത്തത്. നേരത്തേയുള്ള ചിത്രപ്രേക്ഷണ സമ്പ്രദായം ഭേദപ്പെടുത്താൻ ഇതു വഴിയുണ്ടാക്കി.
എന്നാൽ ടെലിവിഷൻെറ പ്രയോഗക്ഷമതക്കു ഗണ്യമായ വളർച്ചവരാൻ സഹായിച്ചതു, ഇലക്ട്രോണിക് സമ്പ്രദായം സ്വീകരിക്കാമെന്നുവന്നപ്പോഴാണ്. ചിത്രപ്രേഷണത്തിനു ഇലക്ട്രോണിക്സ് ഉതകുമെന്ന് 1908 ൽ എ എ കാമ്പൽ – സ്വിൻറൻ പ്രഖ്യാപിച്ചു. നേച്ചർ എന്ന ശാസ്ത്ര മാസികയിൽ. ഏതാണ്ടിതേ പന്ഥാവിലൂടെ സഞ്ചരിച്ച് വ്ളാഡിമിർ കെ സ്വൊറികിൻ എന്ന ഐക്യനാട്ടുകാരൻ ഒരു നൂതനമായ ഉപകരണം നിർമിച്ചു. ഐകനോസ്കോപ്.

അത്ലാൻറിക്കിൻെറ ഇക്കരെ ബ്രിട്ടനിലും ടെലിവിഷനെ സംബന്ധിക്കുന്ന സുപ്രധാന പരീക്ഷണങ്ങളും ഗവേഷണങ്ങളും നടന്നുവന്നു അതിൽ മുഴുകിയ മുഖ്യൻ ജോൺ ലോഗി ബേയ്ഡ് ആയിരുന്നു. അതു തുടങ്ങിയത് ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പായിരുന്നത്രേ. നിർമിച്ച ഉപകരണങ്ങളുടെ ചിത്രം അദ്ദേഹം 1924 ഫെബ്രുവരിയിലെ ഒരു മാസികയിൽ പ്രസിദ്ധീകരിച്ചു. 1929 മാർച്ച് 9 ന് അതിൻെറ പ്രവർത്തനം ബി ബി.സി ഡയറക്ടർ ജനറൽ റിത്തിനെയും അന്നത്തെ പോസ്റ്റ്മാസ്റ്റർ ജനറലിനെയും ഒന്നിച്ചു കാണിച്ചുകൊടുത്തു. തൽഫലമായി ഒരു ലോ ഡഫനിഷൻ ടെലിവിഷൻ പ്രേഷണം 1929 ആഗസ്തിൽ ബേയ്ഡിൻെറ ലോംഗ് ഏക്കർ സ്റ്റുഡിയോയിൽ നിന്ന് ആരംഭിച്ചു. ശബ്ദവും ചിത്രവും സമന്വയിപ്പിച്ചുള്ള പ്രേഷണം അടുത്തകൊല്ലം മാർച്ച് 31 ന് നടന്നു.

നേരത്തെ ടി വി എന്ന ഈ നവീനമായ സാങ്കേതികോപകരണം, അന്നത്തെ പ്രധാനമന്ത്രിയായിരുന്ന റാംസെ മാക്ഡൊനാൾഡിൻെറ ഔദ്യോഗിക വസതിയിൽ നിർമാതാവായ ബേയ്ഡ് കൊണ്ടുവെക്കുകയുണ്ടായി. പരീക്ഷണാർഥം പിറാണ്ടലെയുടെ ഒരു നാടകമാണ് പ്രേഷണം ചെയ്തത്. പെട്ടിയിൽ തെളിയുന്ന കാഴ്ചകൾ, എൻെറ കൺമുമ്പിൽ മായാലോകമാണ് അരങ്ങേറ്റിയത്" – അതായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. The Man with the Flower in his Mouth – എന്നായിരുന്നു അതിൻെറ പേര്. പ്രേഷണം നടന്നത് 1930 ജൂലായ് 14 ന് ആയിരുന്നു.

ചരിത്രത്തിലാദ്യമായി പബ്ലിക് ടെലിവിഷൻ പ്രേഷണം ഉണ്ടായത് ജർമനിയിലായിരുന്നു – 1935 – മാർച്ചിൽ ബർലിനിൽ. ഏകാധിപതിയായിരുന്ന ഹെർ ഹിറ്റ്ലറുടെ ഛായ, ഓരോ ജർമൻകാരൻെറയും ഹൃദയത്തിൽ മായാത്തമട്ടിൽ മുദ്രണം ചെയ്യണമെന്ന മഹാമോഹം സാക്ഷാത്കരിക്കാൻ 1936 ലെ ബർലിൻ ഒളിമ്പിക്സ് ജർമനിയിൽ സംപ്രേഷണം ചെയ്യുകയും ചെയ്തു.

ഹൈ ഡഫനിഷൻ ടെലിവിഷൻ ബ്രിട്ടനിൽ തുടങ്ങിയത് 1936 നവംബർ രണ്ടിനായിരുന്നു.

അമേരിക്കൻ ഐക്യനാടുകളിൽ 1937 – ആയപ്പോഴേക്ക് പതിനേഴ് പരീക്ഷണ സംപ്രേഷണ നിലയങ്ങൾ പ്രവർത്തനത്തിലുണ്ടായിരുന്നു. 1938 ലാണ് കൊളംബിയാ ബ്രോഡ്കാസ്റ്റിങ്ങ് സിസ്റ്റം (സി ബി എസ്) അവരുടെ ആദ്യത്തെ വലിയ സ്റ്റ
സ്റ്റുഡിയോ ന്യൂയോർക്കിൽ സ്ഥാപിച്ചത്. ന്യൂയോർക്കിലെ ലോകപ്രദർശനം ജനങ്ങൾ ടെലിവിഷനിലൂടെ ദർശിച്ചു.

അടുത്തയാഴ്ച: ടെലിവിഷൻെറ രണ്ടാമൂഴം

♣

ഐകനോസ്കോപ്പുമായി വ്ളാദിമിർ കെ സ്വോറികിൻ

ഇലക്ട്രോണിക് ഫോട്ടോഗ്രാഫിയുടെ യുഗം തുറന്ന മാഗ്നെറ്റിക് ടേപ്പുമായി ഡേവിഡ് സാർനോഫ്

Deshabhimani 15.11.92